വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പരിപാടി

970 [1166] ശ്രീ. കെ.ടി. കണാരൻ:
,, കെ.പി. പ്രഭാകരൻ:
,, എ.കെ. കേശവൻ:
,, കെ.ഇ. ഇസ്മയിൽ:
ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണ പരിപാടി തുടങ്ങിയതിനുശേഷം എത്ര പ്രാവശ്യം അത് നിറുത്തുകയും വീണ്ടും തുടരുകയും ചെയ്തിട്ടുണ്ട്;

(ബി) ഓരോ വിദ്യാർത്ഥിക്കും ലഭിക്കുന്ന ഉച്ചഭക്ഷണത്തിന്റെ അളവെത്ര;

(സി) വർഷംതോറും ഉച്ചഭക്ഷണപരിപാടിക്ക് എത്ര രൂപ ചെലവാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പദ്ധതി തുടങ്ങിയതിനുശേഷം ഇതേവരെ നിറുത്തിയിട്ടില്ല.

(ബി) ഓരോ വിദ്യാർത്ഥിക്കും 60 ഗ്രാം അരിയും, 30 ഗ്രാം പയറുമാണ് അനുവദിച്ചിട്ടുള്ളത്. ഈ വർഷം അരിയുടെ തോത് 70 ഗ്രാമായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) 1985-86 വർഷം ഉദ്ദേശം 6,29,23,500 രൂപ ചെലവഴിച്ചതായി കണക്കാക്കപ്പെട്ടിരിക്കുന്നു. 1986-87-ൽ 14,25,02,000 രൂപ ഉച്ചഭക്ഷണത്തിനായി ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

എ. കെ. ടി. ടി. എ. യുടെ നിവേദനം

971 [1167] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.ടി.സി. വിദ്യാർത്ഥികളുടെ സംഘടനയായ എ. കെ. ടി. ടി. എ. യുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി എടുത്തു?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly